**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4815** **02-07-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നതിനായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന 1989 ലെ പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സർക്കാർ അതീവ ശ്രദ്ധ ചെലുത്തി വരുന്നു. ഇതിന്റെ ഭാഗമായി അതിക്രമത്തിനിരയാകുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക പരിഗണന നൽകുകയും എഫ്.ഐ.ആർ, ചാർജ് ഷീറ്റ്, കൺവിക്ഷൻ എന്നീ മൂന്നു ഘട്ടങ്ങളിലും നിയമം അനുശാസിക്കും പ്രകാരമുള്ള ആശ്വാസ ധനസഹായം വകുപ്പ് മുഖേന അനുവദിയ്ക്കുകയും ചെയ്തു വരുന്നു. ഭൂമി, വീട്, മെച്ചപ്പെട്ട വരുമാന മാർഗ്ഗം എന്നീ അടിസ്ഥാന സാഹചര്യങ്ങളുടെ അഭാവം മൂലം പോക്സോ, റേപ്പ് തുടങ്ങിയ കുറ്റകൃത്യങ്ങൾക്ക് തുടർച്ചയായി ഇരയാകുകയും അത് മൂലം ശാരീരികവും മാനസികവുമായ ക്ലേശങ്ങളും സമൂഹത്തിൽ ഒറ്റപ്പെടലും അനുഭവിയ്ക്കുന്നവർക്ക് പ്രത്യേക പരിഗണന വകുപ്പ് നൽകി വരുന്നു. ഹീനമായ ഇത്തരം അതിക്രമങ്ങൾക്ക് ഇവർ വീണ്ടും ഇരയാകുന്ന സാഹചര്യം പൂർണ്ണമായും ഒഴിവാക്കുന്നതിനായി ഭൂമി, വീട്, സർക്കാർ ജോലി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ആവശ്യകതയുടെ അടിസ്ഥാനത്തിൽ അനുവദിയ്ക്കുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചു വരുന്നു.<br><br>അതിക്രമത്തിനിരയാകുന്ന പട്ടികജാതിക്കാർക്ക് ആശ്വാസ ധനസഹായം അനുവദിയ്ക്കുന്നതിനു പുറമേ സമൂഹത്തിൽ നിന്നും നേരിടുന്ന വെല്ലുവിളികളെ അതിജീവിയ്ക്കുന്നതിനാവശ്യമായ മാനസിക പിന്തുണ നൽകുക, നിയമ പരിരക്ഷകളെ സംബന്ധിച്ച പൂർണ്ണമായ അവബോധവും നിയമോപദേശങ്ങളും |

നൽകുക എന്നീ മാർഗ്ഗങ്ങളിലൂടെ അതിക്രമ സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനും അപ്രകാരം അതിക്രമങ്ങൾ തടയുന്നതിനുമായി ജ്വാല നിയമസഹായ സെൽ പ്രവർത്തിച്ചുവരുന്നു. ഇതിന്റെ ഭാഗമായി തിരുവനന്തപുരം, വെള്ളയമ്പലം, അയ്യങ്കാളി ഭവനിൽ JWALA (Justice Welfare And Legal Assistance) എന്ന പേരിൽ നിയമ സഹായ കേന്ദ്രം പ്രവർത്തനമാരംഭിയ്ക്കുകയും ഒരു ലീഗൽ അഡ്വൈസറേയും ലീഗൽ സെൽ അസിസ്റ്റന്റ്മാരെയും നിയമിയ്ക്കുകയും ചെയ്തിട്ടുണ്ട്. ജ്വാല ലീഗൽ സെല്ലിന്റെ സേവനം ജില്ലാതലത്തിൽ ലഭ്യമാക്കുന്നതിനായി ഓരോ ലീഗൽ കൗൺസിലർമാരെ 14 ജില്ലകളിലും തിരഞ്ഞെടുത്ത് നിയമിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽ നിന്നുള്ള നിയമ ബിരുദധാരികളെയാണ് ഇപ്രകാരം നിയമിച്ചിട്ടുള്ളത്.

അതിക്രമം തടയൽ നിയമം സംബന്ധിച്ച ശരിയായ അവബോധം പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് നൽകി അതിക്രമങ്ങളെ തടയുന്നതിന് ഇവരെ പ്രാപ്തരാക്കുന്നതിനായി വകുപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ജില്ലാ ലീഗൽ കൗൺസിലർമാരുടെ നേതൃത്വത്തിൽ നിയമാവബോധ ക്ലാസ്സുകളും കൗൺസിലിംഗുകളും സംഘടിപ്പിച്ചു വരുന്നു.

അതിക്രമ സാധ്യതാ മേഖലകളെ സംബന്ധിച്ച GIS MAPPED DATA യുടെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രദേശങ്ങളെ സംബന്ധിച്ച പഠനങ്ങൾ ജില്ലാ ലീഗൽ കൗൺസിലർ മുഖേന നടത്തുന്നതിന് ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പ്രകാരം ഓരോ ജില്ലയിലെയും പ്രസ്തുത മാപ്പിൽ ഉൾപ്പെട്ട പ്രദേശങ്ങൾ നേരിട്ട് സന്ദർശനം നടത്തി ടി പ്രദേശങ്ങളിൽ അതിക്രമത്തിന് ഇരയാകുന്ന സാഹചര്യങ്ങൾ കണ്ടെത്തി പരിഹാരമാർഗ്ഗങ്ങളെ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ ലീഗൽ കൗൺസിലർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അതിക്രമത്തിന്റെ തോത് കുറയ്ക്കുന്നതിനാവശ്യമായ ബോധവത്ക്കരണ മാർഗ്ഗങ്ങളും കൗൺസിലിംഗുകളും ടി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് നടത്തുന്നതിനാവശ്യമായ നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിയ്ക്കുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ മോണിറ്റർ ചെയ്യുന്നതിനായി ജില്ലാ കളക്ടർ

അദ്ധ്യക്ഷനായിട്ടുള്ള ജില്ലാതല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റിയും സംസ്ഥാനതലത്തിൽ ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റിയും യഥാസമയം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് വേണ്ടി പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം 1995-ലെ വകുപ്പ് 8-ന്റെ അടിസ്ഥാനത്തിൽ എസ്.സി/ എസ്.ടി പ്രൊട്ടക്ഷൻ സെൽ സംസ്ഥാനത്ത് ഡി.ജി.പിയുടെ കീഴിൽ രൂപീകരിച്ചിട്ടുള്ളതും പട്ടികജാതി പട്ടികവർഗ്ഗ അതിക്രമങ്ങൾ കുറക്കുന്നതിനു വേണ്ടി പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ അധിവസിക്കുന്ന നഗറുകൾ പോലീസ് സബ്ബ് ഡിവിഷൻ തലത്തിൽ സന്ദർശിക്കുന്നതിനും പെറ്റിഷൻ അദാലത്തുകൾ സംഘടിപ്പിച്ച അതിക്രമങ്ങൾ കുറക്കുന്നതിനും ടി മേഖലകളിൽ പോലീസ് പട്രോളിംഗ് ശക്തമാക്കുന്നതിനും അതിക്രമങ്ങൾക്കെതിരെ നിയമപരമായ അവബോധം വളർത്തുന്നതിനുമായി ക്ലാസുകൾ സംഘടിപ്പിക്കുകയും സാമൂഹ്യ പ്രവർത്തകർ, എസ്.സി /എസി.ടി പ്രമോട്ടർമാർ എന്നിവരെ ഉൾപ്പെടുത്തി ചർച്ചകൾ, വർക്ക് ഷോപ്പുകൾ, സെമിനാറുകൾ, സർവേകൾ തുടങ്ങിയവ സംഘടിപ്പിച്ച് ചൂഷണങ്ങൾക്കും അതിക്രമങ്ങൾക്കും എതിരെ സുരക്ഷാബോധവും ശാക്തീകരണവും വളർത്തുന്നതിനുമുള്ള നിർദ്ദേശങ്ങളും ഉത്തരവുകളും യഥാസമയം ജില്ലാ പോലീസ് മേധാവികൾക്ക് നൽകുകയും ഇവ നിരന്തരം നിരീക്ഷിക്കുകയും ചെയ്തു വരുന്നു.

പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അന്വേഷണം സംബന്ധിച്ച് നിർദ്ദേശങ്ങളും ഉത്തരവുകളും യഥാസമയം നൽകുകയും സർക്കാരിൽ പ്രതിമാസ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്യുന്നു. 60 ദിവസത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കാത്ത ഇത്തരം കേസുകളുടെ ത്രൈമാസ അവലോകന യോഗം സംസ്ഥാന പോലീസ് മേധാവിയുടെ കീഴിലും 3 മാസത്തിലൊരിക്കിൽ അഭ്യന്തര വകുപ്പ് അഡി.ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സർക്കാർ തലത്തിലും ചേർന്ന് അവലോകനം ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

| | | | |
|---|---|---|---|
| | | | പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അന്വേഷണത്തിനും മറ്റും പാലക്കാട്, കാസർഗോഡ്, വയനാട്, എന്നീ ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡ്, (എസ്. എം. എസ്) യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നതാണ്. |
| (ബി) | അതിക്രമങ്ങൾക്ക് ഇരയാകുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ആശ്വാസവും പുനരധിവാസവും നൽകുന്നതിന് പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | അതിക്രമങ്ങൾക്ക് ഇരയാകുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ആശ്വാസവും പുനരധിവാസവും ലഭ്യമാക്കുന്നതിനായി, പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരമുള്ള കേസുകളുടെ FIR, അന്തിമ റിപ്പോർട്ട്, ബന്ധപ്പെട്ട മറ്റ് രേഖകളുടെ പകർപ്പ് എന്നിവ സമയബന്ധിതമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന് സമർപ്പിക്കുവാൻ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>അതിക്രമത്തിന് വിധേയരാകുന്ന പട്ടികജാതി/ പട്ടികവർഗ്ഗക്കാരുടെ അതിജീവനം ലക്ഷ്യമാക്കി അതിക്രമ നിരോധന നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ച് FIR, Charge Sheet, Conviction എന്നീ മൂന്നു ഘട്ടങ്ങളിലും അനുവദനീയമായ തുക ആശ്വാസ ധനസഹായമായി വകുപ്പ് മുഖേന അനുവദിക്കുന്നു.<br><br>അതിക്രമത്തിനിരയായി കൊലചെയ്യപ്പെടുകയോ, ബലാൽസംഗത്തിനിരയാകുകയോ, ജോലി ചെയ്യുവാനുള്ള കഴിവ് സ്ഥിരമായി നഷ്ടപ്പെടുകയോ ചെയ്യുന്ന വ്യക്തികളുടെ കുടുംബങ്ങളുടെ പുനരധിവാസം ലക്ഷ്യമിട്ടു കൊണ്ട് ആശ്രിതന് പ്രതിമാസം പെൻഷൻ, സർക്കാർ ജോലി, കൃഷി ഭൂമി, വീട് എന്നിവ ആവശ്യകതയ്ക്ക് അനുസരിച്ച് അനുവദിച്ചു വരുന്നു. അതിക്രമത്തിന് ഇരയാകുന്ന പട്ടികജാതി വിഭാഗക്കാർക്ക് നീതി ഉറപ്പാക്കുന്നതിനായി അടിയന്തിര നിയമസഹായങ്ങളും ശരിയായ നിയമാവബോധം നൽകുന്നതിനായി ബോധവത്ക്കരണ പരിപാടികളും ജ്വാല നിയമസഹായ സെൽ മുഖേന നൽകി വരുന്നു.<br><br>പോക്സോ, റേപ്പ് പോലുള്ള കുറ്റകൃത്യങ്ങൾക്ക് വിധേയമായി മാനസികമായും ശാരീരികമായും ക്ലേശങ്ങൾ അനുഭവിക്കുകയും തുടർ വിദ്യാഭ്യാസം നിഷേധിക്കപ്പെടുകയും സമൂഹത്തിൽ അവഗണന നേരിടുകയും ചെയ്യുന്നതുമായ കുട്ടികളെ കണ്ടെത്തുന്നതിനും അടിയന്തരമായി മാനസിക പിന്തുണ നൽകി വിദ്യാഭ്യാസം തുടരുന്നതിനുള്ള അവസരങ്ങൾ ഒരുക്കി അതിജീവനം സാധ്യമാക്കുന്നതിന് ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന |

| | | | |
|---|---|---|---|
| | | | ലീഗൽ കൗൺസിലർമാർ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾക്കായി പ്രത്യേക കോടതികൾ സ്ഥാപിക്കുന്ന കാര്യം വകുപ്പ് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമ പ്രകാരമുള്ള കേസുകളുടെ വിചാരണയ്ക്ക് മാത്രമായി നിലവിൽ തിരുവനന്തപുരം (നെടുമങ്ങാട്), കൊല്ലം (കൊട്ടാരക്കര), തൃശ്ശൂർ, പാലക്കാട് (മണ്ണാർക്കാട്), മലപ്പുറം (മഞ്ചേരി), വയനാട് (മാനന്തവാടി) എന്നീ സ്ഥലങ്ങളിലായി 6 Exclusive Special കോടതികൾ പ്രവർത്തിച്ചുവരുന്നു.<br><br>Exclusive Special കോടതികൾ സ്ഥാപിക്കാത്ത ജില്ലകളിൽ അതാത് Principal District and Sessions കോടതികൾ പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമ പ്രകാരമുള്ള കേസുകളുടെ വിചാരണക്കുള്ള കോടതികളായും പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **4815** **02/07/2024** ലെ മറുപടിയ്ക്ക്

**<u>പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ നടപടി</u>**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എ. പി. അനിൽ കുമാർ**<br>**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**<br>**ശ്രീ. അൻവർ സാദത്ത്**<br>**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ഒ.ആർ. കേളു**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കവിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) |
| എ) | പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നതിനായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന 1989 ലെ പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സർക്കാർ അതീവ ശ്രദ്ധ ചെലുത്തി വരുന്നു. ഇതിന്റെ ഭാഗമായി അതിക്രമത്തിനിരയാകുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക പരിഗണന നൽകുകയും എഫ്.ഐ.ആർ, ചാർജ് ഷീറ്റ്, കൺവിക്ഷൻ എന്നീ മൂന്നു ഘട്ടങ്ങളിലും നിയമം അനുശാസിക്കും പ്രകാരമുള്ള ആശ്വാസ ധനസഹായം വകുപ്പ് മുഖേന അനുവദിയ്ക്കുകയും ചെയ്തു വരുന്നു. ഭൂമി, വീട്, മെച്ചപ്പെട്ട വരുമാന മാർഗ്ഗം എന്നീ അടിസ്ഥാന സാഹചര്യങ്ങളുടെ അഭാവം മൂലം പോക്സോ, റേപ്പ് തുടങ്ങിയ കുറ്റകൃത്യങ്ങൾക്ക് തുടർച്ചയായി ഇരയാകുകയും അത് മൂലം ശാരീരികവും മാനസികവുമായ ക്ലേശങ്ങളും സമൂഹത്തിൽ ഒറ്റപ്പെടലും അനുഭവിയ്ക്കുന്നവർക്ക് പ്രത്യേക പരിഗണന വകുപ്പ് നൽകി വരുന്നു. ഹീനമായ ഇത്തരം അതിക്രമങ്ങൾക്ക് ഇവർ വീണ്ടും ഇരയാകുന്ന സാഹചര്യം പൂർണ്ണമായും ഒഴിവാക്കുന്നതിനായി ഭൂമി, വീട്, സർക്കാർ ജോലി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ആവശ്യകതയുടെ അടിസ്ഥാനത്തിൽ അനുവദിയ്ക്കുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചു വരുന്നു.<br>അതിക്രമത്തിനിരയാകുന്ന പട്ടികജാതിക്കാർക്ക് ആശ്വാസ ധനസഹായം അനുവദിയ്ക്കുന്നതിനു പുറമേ |

| | | | |
|---|---|---|---|
| | | | സമൂഹത്തിൽ നിന്നും നേരിടുന്ന വെല്ലുവിളികളെ അതിജീവിയ്ക്കുന്നതിനാവശ്യമായ മാനസിക പിന്തുണ നൽകുക, നിയമ പരിരക്ഷകളെ സംബന്ധിച്ച പൂർണ്ണമായ അവബോധവും നിയമോപദേശങ്ങളും നൽകുക എന്നീ മാർഗ്ഗങ്ങളിലൂടെ അതിക്രമ സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനും അപ്രകാരം അതിക്രമങ്ങൾ തടയുന്നതിനുമായി ജ്വാല നിയമസഹായ സെൽ പ്രവർത്തിച്ചുവരുന്നു. ഇതിന്റെ ഭാഗമായി തിരുവനന്തപുരം, വെള്ളയമ്പലം, അയ്യങ്കാളി ഭവനിൽ JWALA (Justice Welfare And Legal Assistance) എന്ന പേരിൽ നിയമ സഹായ കേന്ദ്രം പ്രവർത്തനമാരംഭിയ്ക്കുകയും ഒരു ലീഗൽ അഡ്വൈസറേയും ലീഗൽ സെൽ അസിസ്റ്റന്റ്മാരെയും നിയമിയ്ക്കുകയും ചെയ്തിട്ടുണ്ട്. ജ്വാല ലീഗൽ സെല്ലിന്റെ സേവനം ജില്ലാതലത്തിൽ ലഭ്യമാക്കുന്നതിനായി ഓരോ ലീഗൽ കൗൺസിലർമാരെ 14 ജില്ലകളിലും തിരഞ്ഞെടുത്ത് നിയമിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽ നിന്നുള്ള നിയമ ബിരുദധാരികളെയാണ് ഇപ്രകാരം നിയമിച്ചിട്ടുള്ളത്.<br>അതിക്രമം തടയൽ നിയമം സംബന്ധിച്ച ശരിയായ അവബോധം പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് നൽകി അതിക്രമങ്ങളെ തടയുന്നതിന് ഇവരെ പ്രാപ്തരാക്കുന്നതിനായി വകുപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ജില്ലാ ലീഗൽ കൗൺസിലർമാരുടെ നേതൃത്വത്തിൽ നിയമാവബോധ ക്ലാസ്സുകളും കൗൺസിലിംഗുകളും സംഘടിപ്പിച്ചു വരുന്നു.<br>അതിക്രമ സാധ്യതാ മേഖലകളെ സംബന്ധിച്ച GIS MAPPED DATA യുടെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രദേശങ്ങളെ സംബന്ധിച്ച പഠനങ്ങൾ ജില്ലാ ലീഗൽ കൗൺസിലർ മുഖേന നടത്തുന്നതിന് ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പ്രകാരം ഓരോ ജില്ലയിലെയും പ്രസ്തുത മാപ്പിൽ ഉൾപ്പെട്ട പ്രദേശങ്ങൾ നേരിട്ട് സന്ദർശനം നടത്തി ടി പ്രദേശങ്ങളിൽ അതിക്രമത്തിന് ഇരയാകുന്ന സാഹചര്യങ്ങൾ കണ്ടെത്തി പരിഹാരമാർഗ്ഗങ്ങളെ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ ലീഗൽ കൗൺസിലർമാരെ |

| | | | |
|---|---|---|---|
| | | | ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അതിക്രമത്തിന്റെ തോത് കുറയ്ക്കുന്നതിനാവശ്യമായ ബോധവത്ക്കരണ മാർഗ്ഗങ്ങളും കൗൺസിലിംഗുകളും ടി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് നടത്തുന്നതിനാവശ്യമായ നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിയ്ക്കുന്നതാണ്.<br>പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ മോണിറ്റർ ചെയ്യുന്നതിനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായിട്ടുള്ള ജില്ലാതല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റിയും സംസ്ഥാനതലത്തിൽ ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റിയും യഥാസമയം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് വേണ്ടി പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം 1995-ലെ വകുപ്പ് 8-ന്റെ അടിസ്ഥാനത്തിൽ എസ്.സി/എസ്.ടി പ്രൊട്ടക്ഷൻ സെൽ സംസ്ഥാനത്ത് ഡി.ജി.പിയുടെ കീഴിൽ രൂപീകരിച്ചിട്ടുള്ളതും പട്ടികജാതി പട്ടികവർഗ്ഗ അതിക്രമങ്ങൾ കുറക്കുന്നതിനു വേണ്ടി പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ അധിവസിക്കുന്ന നഗറുകൾ പോലീസ് സബ്ബ് ഡിവിഷൻ തലത്തിൽ സന്ദർശിക്കുന്നതിനും പെറ്റിഷൻ അദാലത്തുകൾ സംഘടിപ്പിച്ചു അതിക്രമങ്ങൾ കുറക്കുന്നതിനും ടി മേഖലകളിൽ പോലീസ് പട്രോളിംഗ് ശക്തമാക്കുന്നതിനും അതിക്രമങ്ങൾക്കെതിരെ നിയമപരമായ അവബോധം വളർത്തുന്നതിനുമായി ക്ലാസുകൾ സംഘടിപ്പിക്കുകയും സാമൂഹ്യ പ്രവർത്തകർ, എസ്.സി /എസി.ടി പ്രമോട്ടർമാർ എന്നിവരെ ഉൾപ്പെടുത്തി ചർച്ചകൾ, വർക്ക് ഷോപ്പുകൾ, സെമിനാറുകൾ, സർവേകൾ തുടങ്ങിയവ സംഘടിപ്പിച്ച് ചൂഷണങ്ങൾക്കും അതിക്രമങ്ങൾക്കും എതിരെ സുരക്ഷാബോധവും ശാക്തീകരണവും വളർത്തുന്നതിനുമുള്ള നിർദ്ദേശങ്ങളും ഉത്തരവുകളും യഥാസമയം ജില്ലാ പോലീസ് മേധാവികൾക്ക് നൽകുകയും ഇവ നിരന്തരം നിരീക്ഷിക്കുകയും ചെയ്തു വരുന്നു.<br>പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) |

| | | | |
|---|---|---|---|
| | | | നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അന്വേഷണം സംബന്ധിച്ച് നിർദ്ദേശങ്ങളും ഉത്തരവുകളും യഥാസമയം നൽകുകയും സർക്കാരിൽ പ്രതിമാസ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്യുന്നു. 60 ദിവസത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കാത്ത ഇത്തരം കേസുകളുടെ ത്രൈമാസ അവലോകന യോഗം സംസ്ഥാന പോലീസ് മേധാവിയുടെ കീഴിലും 3 മാസത്തിലൊരിക്കിൽ അഭ്യന്തര വകുപ്പ് അഡി.ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സർക്കാർ തലത്തിലും ചേർന്ന് അവലോകനം ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.<br><br>പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അന്വേഷണത്തിനും മറ്റും പാലക്കാട്, കാസർഗോഡ്, വയനാട്, എന്നീ ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡ്, (എസ്. എം. എസ്) യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നതാണ്. |
| ബി) | അതിക്രമങ്ങൾക്ക് ഇരയാകുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ആശ്വാസവും പുനരധിവാസവും നൽകുന്നതിന് പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | ബി) | അതിക്രമങ്ങൾക്ക് ഇരയാകുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ആശ്വാസവും പുനരധിവാസവും ലഭ്യമാക്കുന്നതിനായി, പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരമുള്ള കേസുകളുടെ FIR, അന്തിമ റിപ്പോർട്ട്, ബന്ധപ്പെട്ട മറ്റ് രേഖകളുടെ പകർപ്പ് എന്നിവ സമയബന്ധിതമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന് സമർപ്പിക്കുവാൻ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>അതിക്രമത്തിന് വിധേയരാകുന്ന പട്ടികജാതി/ പട്ടികവർഗ്ഗക്കാരുടെ അതിജീവനം ലക്ഷ്യമാക്കി അതിക്രമ നിരോധന നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ച് FIR, Charge Sheet, Conviction എന്നീ മൂന്നു ഘട്ടങ്ങളിലും അനുവദനീയമായ തുക ആശ്വാസ ധനസഹായമായി വകുപ്പ് മുഖേന അനുവദിയ്ക്കുന്നു.<br><br>അതിക്രമത്തിനിരയായി കൊലചെയ്യപ്പെട്ടുകയോ, ബലാൽസംഗത്തിനിരയാകുകയോ, ജോലി |

| | | | |
|---|---|---|---|
| | | | ചെയ്യുവാനുള്ള കഴിവ് സ്ഥിരമായി നഷ്ടപ്പെടുകയോ ചെയ്യുന്ന വ്യക്തികളുടെ കുടുംബങ്ങളുടെ പുനരധിവാസം ലക്ഷ്യമിട്ടു കൊണ്ട് ആശ്രിതന് പ്രതിമാസം പെൻഷൻ, സർക്കാർ ജോലി, കൃഷി ഭൂമി, വീട് എന്നിവ ആവശ്യകതയ്ക്ക് അനുസരിച്ച് അനുവദിച്ചു വരുന്നു. അതിക്രമത്തിന് ഇരയാകുന്ന പട്ടികജാതി വിഭാഗക്കാർക്ക് നീതി ഉറപ്പാക്കുന്നതിനായി അടിയന്തിര നിയമസഹായങ്ങളും ശരിയായ നിയമാവബോധം നൽകുന്നതിനായി ബോധവത്ക്കരണ പരിപാടികളും ജ്വാല നിയമസഹായ സെൽ മുഖേന നൽകി വരുന്നു.<br>പോക്സോ, റേപ്പ് പോലുള്ള കുറ്റകൃത്യങ്ങൾക്ക് വിധേയമായി മാനസികമായും ശാരീരികമായും ക്ലേശങ്ങൾ അനുഭവിക്കുകയും തുടർ വിദ്യാഭ്യാസം നിഷേധിക്കപ്പെടുകയും സമൂഹത്തിൽ അവഗണന നേരിടുകയും ചെയ്യുന്നതുമായ കുട്ടികളെ കണ്ടെത്തുന്നതിനും അടിയന്തരമായി മാനസിക പിന്തുണ നൽകി വിദ്യാഭ്യാസം തുടരുന്നതിനുള്ള അവസരങ്ങൾ ഒരുക്കി അതിജീവനം സാധ്യമാക്കുന്നതിന് ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ലീഗൽ കൗൺസിലർമാർ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) | പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾക്കായി പ്രത്യേക കോടതികൾ സ്ഥാപിക്കുന്ന കാര്യം വകുപ്പ് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | സി) | സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമ പ്രകാരമുള്ള കേസുകളുടെ വിചാരണയ്ക്ക് മാത്രമായി നിലവിൽ തിരുവനന്തപുരം (നെടുമങ്ങാട്), കൊല്ലം (കൊട്ടാരക്കര), തൃശ്ശൂർ, പാലക്കാട് (മണ്ണാർക്കാട്), മലപ്പുറം (മഞ്ചേരി), വയനാട് (മാനന്തവാടി), എന്നീ സ്ഥലങ്ങളിലായി 6 Exclusive Special കോടതികൾ പ്രവർത്തിച്ചുവരുന്നു.<br>Exclusive Special കോടതികൾ സ്ഥാപിക്കാത്ത ജില്ലകളിൽ അതാത് Principal District and Sessions കോടതികൾ പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമ പ്രകാരമുള്ള കേസുകളുടെ വിചാരണക്കുള്ള കോടതികളായും പ്രവർത്തിച്ചുവരുന്നു. |

Anju. K.R.

**സെക്ഷൻ ഓഫീസർ**